പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2969 — 17.10.2016 -ൽ മറുപടിക്ക്.

# ഭക്ഷ്യധാന്യങ്ങളുടെ കേന്ദ്രവിഹിതം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.എം.ഷാജി**<br>**ശ്രീ.പി.കെ.അബ്ദു റബ്ബ്**<br>**ശ്രീ.ടി. വി. ഇബ്രാഹിം**<br>**ശ്രീ.പാറക്കൽ അബ്ദുല്ല** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) ഭക്ഷ്യധാന്യങ്ങളുടെ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിക്കേണ്ട അർഹമായ വിഹിതം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) ഭക്ഷ്യധാന്യങ്ങളുടെ കാര്യത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കേണ്ട അധിക വിഹിതം ഉൾപ്പെടെയുള്ള അർഹമായ വിഹിതം ലഭ്യമാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (ബി) ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; | (ബി) ഉണ്ട്. 07.10.2016 ലെ 1-2/2015-BP III നമ്പർ കത്തു പ്രകാരം കേരളത്തിന് ലഭ്യമായിരുന്ന എ.പി.എൽ, ബി.പി.എൽ വിഭാഗത്തിനുള്ള അധിക വിഹിതം നല്കുകയില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. |
| (സി) ഭക്ഷ്യധാന്യ ശേഖരണ സൗകര്യങ്ങളുടെ അപര്യാപ്തത ഭക്ഷ്യധാന്യ വിതരണത്തിൽ തടസ്സം സൃഷ്ടിക്കുന്നുണ്ടോ; എങ്കിൽ പരിഹാര നടപടികൾ സ്വീകരിക്കുമോ? | (സി) ഉണ്ട്. പ്രതിമാസ ആവശ്യകത പ്രകാരം 2.30 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യ സംഭരണ സ്ഥലം വേണ്ട സ്ഥാനത്ത് 0.9 ലക്ഷം മെട്രിക് ടൺ സംഭരണ സ്ഥലം മാത്രമാണ് നിലവിലുള്ളത്. 29.08.2016 ലെ സ.ഉ (കൈ) നം. 11/2016/ഭ.പൊ.വി.വ പ്രകാരം ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി നിലവിലുള്ള മൊത്ത വ്യാപാരികളെ ഒഴിവാക്കിക്കൊണ്ട് ബ്ലോക്ക് തലത്തിൽ സർക്കാർ അധീനതയിലുള്ള സംഭരണശാലകൾ നിർമ്മിക്കുവാൻ ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ